"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസം - ആലപ്പുഴ ജില്ലയിലെ ചെറിയനാട് ദേവസ്വം ബോർഡ് ഹയർ സെക്കന്ററി സ്കൂളിലെ എച്ച്.എസ്.ടി (മലയാളം) ശ്രീമതി.അനു പണിക്കരുടെ നിയമനാംഗീകാരം സംബന്ധിച്ച് സമർപ്പിച്ച റിവ്യൂ ഹർജി തീർപ്പാക്കിയും WP(C)No.7733/2024 കേസിലെ 12.02.2025 ലെ വിധിന്യായം നടപ്പിലാക്കിയും - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**പൊതുവിദ്യാഭ്യാസ (ഇ) വകുപ്പ്**

സ.ഉ.(സാധാ) നം.10139/2025/GEDN തീയതി,തിരുവനന്തപുരം, 11-12-2025

പരാമർശം:-

1) WP(C)No.4244/2023 കേസിലെ 08.02.2023 ലെ വിധിന്യായം.
2) 31.10.2023 ലെ സ.ഉ.(സാധാ)നം.6689/2023/പൊ.വി.വ.
3) ശ്രീമതി അനു പണിക്കർ സമർപ്പിച്ച 01.11.2024 ലെ റിവ്യൂ ഹർജി.
4) WP(C)No.7733/2024 കേസിലെ 12.02.2025 ലെ വിധിന്യായം.
5) മാവേലിക്കര ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 09.04.2025 ലെ ഡിഇഓഎംവികെ/422/2025/പി6 നമ്പർ കത്ത്.
6) ആലപ്പുഴ വിദ്യാഭ്യാസ ഉപഡയറക്ടറുടെ 17.04.2025 ലെ 1366/2025/ഡിഡിഇ നമ്പർ കത്ത്.
7) പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ഇസി1/4327/2025/ഡിജിഇ. നമ്പർ കത്ത്.

**ഉത്തരവ്**

ആലപ്പുഴ ജില്ലയിലെ ചെറിയനാട് ദേവസ്വം ബോർഡ് ഹയർ സെക്കന്ററി സ്കൂളിലെ എച്ച്.എസ്.ടി (മലയാളം) ശ്രീമതി.അനു പണിക്കർ എച്ച്.എസ്.ടി (മലയാളം) തസ്തികയിലെ 15.07.2021 മുതലുള്ള നിയമനം അംഗീകരിക്കുന്നതിനായി സർക്കാരിൽ റിവിഷൻ ഹർജി സമർപ്പിക്കുകയും WP(C)No.4244/2023 പ്രകാരം കേസ് ഫയൽ ചെയ്യുകയുമുണ്ടായി. ടി കേസിന്മേലുള്ള പരാമർശം (1) വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ ടിയാളെ നേരിൽ കേൾക്കുകയും, ടി സ്കൂളിൽ 2021-22 വർഷം നിയമനം നൽകുന്നതിന് തസ്തിക ലഭ്യമല്ലാത്തതിനാൽ ടിയാളുടെ ആവശ്യം നിരസിച്ച് പരാമർശം (2) പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിരുന്നു. എച്ച്.എസ്.ടി (മലയാളം) തസ്തികയിലെ 15.07.2021 മുതലുള്ള നിയമനം അംഗീകരിച്ചു നൽകുന്നതിനും, 12.07.2023 മുതൽ 14.12.2023 വരെയുള്ള തന്റെ എച്ച്.എസ്.ടി തസ്തികയിലെ ലാവണം ടി മാനേജ്മെന്റിന്റെ കീഴിലുള്ള മറ്റേതെങ്കിലും സ്കൂളിൽ ക്രമീകരിക്കുന്നതിനും വേണ്ടി ശ്രീമതി.അനു പണിക്കർ സർക്കാരിൽ 01.11.2024 ന് റിവ്യൂ ഹർജി സമർപ്പിക്കുകയും തുടർന്ന് ബഹു. ഹൈക്കോടതിയിൽ WP(C)No.7733/2024 പ്രകാരം കേസ് ഫയൽ ചെയ്യുകയുമുണ്ടായി. പ്രസ്തുത കേസ് പരിഗണിച്ച ബഹു. കോടതി 12.02.2025 ലെ പരാമർശം (4) പ്രകാരമുള്ള വിധിന്യായത്തിൽ,

പരാതിക്കാരിയെയും മാനേജരെയും നേരിൽ കേട്ട് 06.07.2021 ലെ സ.ഉ.(സാധാ)നം.3287/2021/പൊ.വി.വ ഉത്തരവിന്റെയും (എക്സിബിറ്റ് പി2), 17.07.2019 ലെ ബി6/48740/2019 നമ്പർ തസ്തിക നിർണ്ണയ ഉത്തരവിന്റെയും (എക്സിബിറ്റ് പി4) അടിസ്ഥാനത്തിൽ പരാതിക്കാരിയുടെ ആവശ്യം പുന:പരിശോധിച്ച് മൂന്നു മാസത്തിനകം തീരുമാനമെടുക്കണമെന്ന് നിർ ദ്ദേശിച്ചിട്ടുണ്ട്. വിധിന്യായത്തിലെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ പരാതിക്കാരിയെയും മാനേജരെയും മറ്റു കക്ഷികളെയും നേരിൽ കേൾക്കുകയുണ്ടായി.

2. പരാതിക്കാരിയുടെ വാദങ്ങൾ ചുവടെ പറയും പ്രകാരമാണ്:-

"ചെറിയനാട് ഡി.ബി.എച്ച്.എസ് ൽ 15.07.2021 മുതൽ എച്ച്.എസ്.ടി (മലയാളം) തസ്തികയിൽ വിരമിക്കൽ ഒഴിവിൽ തന്നെ നിയമിച്ചെങ്കിലും ടി നിയമനം അംഗീകരിക്കുകയുണ്ടായില്ല. ടി സ്കൂളിൽ 2019-20 വർഷത്തെ തസ്തിക നിർണ്ണയ ഉത്തരവ് പ്രകാരം 3 എച്ച്.എസ്.ടി (മലയാളം) തസ്തികകൾ അനുവദിച്ചിരുന്നു. 15.07.2021 ൽ താൻ ഉൾപ്പെടെ 3 എച്ച്.എസ്.ടി (മലയാളം) അധ്യാപകരെ ഉണ്ടായിരുന്നുള്ളൂ. 06.07.2021 ലെ സ.ഉ.(സാധാ)നം.3287/2021/പൊ.വി.വ ഉത്തരവിൽ, 2019-20 ലെ തസ്തിക നിർണ്ണയം തന്നെ 2020-21, 2021-22 വർഷം തുടരുവാനും, 2019-20 വർഷത്തെ തസ്തിക നിർണ്ണയ ഉത്തരവിന്റെ അടിസ്ഥാനത്തിൽ റിട്ടയർമെന്റ്, രാജി, പ്രൊമോഷൻ, മരണം എന്നിവമൂലം ഉണ്ടായ ഒഴിവുകളിൽ 15.07.2021 മുതൽ നിയമനം നടത്തുവാനും സർക്കാർ നിർദ്ദേശിച്ചിട്ടുണ്ടായിരുന്നു. 2019-20 വർഷത്തെ തസ്തിക നിർണ്ണയ ഉത്തരവ് ബാധകമാക്കാതെ 2021-22 വർഷത്തെ ആറാം സാദ്ധ്യായ ദിവസത്തെ കുട്ടികളുടെ എണ്ണം കണക്കാക്കിയാണ് തന്റെ നിയമനം നിരസിച്ചിട്ടുള്ളത്. 2019-20 വർഷത്തെ തസ്തിക നിർണ്ണയ ഉത്തരവ് പ്രകാരം 3 എച്ച്.എസ്.ടി (മലയാളം) തസ്തികകൾ അനുവദിച്ചിട്ടുള്ളതിനാൽ അവയിലൊന്നിൽ 30.06.2019 ൽ ഉണ്ടായ വിരമിക്കൽ ഒഴിവിലെ തന്റെ നിയമനം വ്യവസ്ഥാപിത ഒഴിവിലുള്ളതാണ്. ഇതേ കാലഘട്ടത്തിലുള്ള തന്റെ ജൂനിയറായ ശ്രീമതി.ദിവ്യയുടെ രണ്ടാമത്തെ എച്ച്.എസ്.ടി (ഹിന്ദി) തസ്തികയിലെ നിയമനം 15.07.2021 മുതൽ അംഗീകരിച്ചിട്ടുണ്ട്. 2021-22 വർഷത്തെ ആറാം പ്രവർത്തി ദിവസത്തെ റോൾ പരിശോധിച്ചാൽ ശ്രീമതി ദിവ്യയുടെ നിയമനം അംഗീകരിക്കാൻ കഴിയില്ല. ടി സ്കൂളിലെ ശ്രീമതി.പ്രീത പി നായരുടെ 15.07.2021 മുതലുള്ള നിയമനവും അംഗീകരിച്ചത് ക്രമപ്രകാരമാണ്. ആയതിനാൽ തന്റെ 15.07.2021 മുതലുള്ള എച്ച്.എസ്.ടി (മലയാളം) തസ്തികയിലെ നിയമനം 2019-20 വർഷത്തെ തസ്തിക നിർണ്ണയ ഉത്തരവിന്റെ അടിസ്ഥാനത്തിലും 06.07.2021 ലെ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിലും അംഗീകരിക്കുവാൻ മാവേലിക്കര ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകണം. ടി സ്കൂളിൽ 2023-24 വർഷം ഒരു ഡിവിഷൻ കുറഞ്ഞെങ്കിലും ഇതേ സ്കൂളിൽ എച്ച്.എസ്.ടി (മലയാളം) ആയിരുന്ന ശ്രീമതി.ബീന യെ കാരേറ്റ് ഡി.ബി.എച്ച്.എസ് ലേക്ക് സ്ഥലംമാറ്റി നിയമിച്ചതിനാൽ റിഡക്ഷൻ സ്ഥലംമാറ്റത്തിൽ അഡ്ജസ്റ്റ് ചെയ്തു. എന്നാൽ തുടർന്ന് ഹയർ സെക്കന്ററിയിലേക്ക് ബൈട്രാൻസ്ഫർ മുഖാന്തിരം സ്ഥാനക്കയറ്റം നൽകിയിരുന്ന ശ്രീമതി.രമ യുടെ 12.07.2023 മുതൽ 15.12.2023 വരെയുള്ള എച്ച്.എസ്.ടി തസ്തികയിലെ ലാവണം ചെറിയനാട് ഡി.ബി.എച്ച്.എസ് ലെ തന്റെ ഒഴിവിൽ ക്രമീകരിച്ചതിനാൽ തന്റെ നിയമനം 15.07.2021 മുതൽ അംഗീകരിക്കുമ്പോൾ 12.07.2023 മുതൽ 14.12.2023 വരെയുള്ള തന്റെ ലാവണം നിലവിൽ റഗുലർ അധ്യാപകരില്ലാത്ത എരുമേലി ഡി.ബി.എച്ച്.എസ് ലോ അല്ലെങ്കിൽ ഒഴിവുള്ള മറ്റേതെങ്കിലും സ്കൂളിലോ ക്രമീകരിക്കാൻ കൂടി മാനേജർക്ക് നിർദ്ദേശം നൽകണം."

3. കോർപ്പറേറ്റ് മാനേജരുടെ വാദങ്ങൾ പ്രകാരം, ചെറിയനാട് ഡി.ബി.എച്ച്.എസ്.എസ് ൽ 15.07.2021 മുതൽ 11.07.2023 വരെ അനു പണിക്കർ തുടർന്നു വരവെ എച്ച്.എസ്.ടി (മലയാളം) തസ്തികയിലെ സീനിയർ മോസ്റ്റ് അധ്യാപികയായ ശ്രീമതി.കെ.എസ് രമാദേവിയുടെ 12.07.2023 മുതൽ 15.12.2023 വരെയുള്ള എച്ച്.എസ്.ടി (മലയാളം) തസ്തികയിലെ ലാവണം ടി സ്കൂളിൽ ക്രമീകരിക്കേണ്ടി വന്നതിനാൽ അനു പണിക്കരുടെ 12.07.2023 മുതൽ 14.12.2023 വരെയുള്ള ലാവണം എരുമേലി ഡി.ബി.എച്ച്.എസ് ലേക്ക് മാറ്റി ക്രമീകരിക്കാവുന്നതാണ്.

4. വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ടുകൾ പ്രകാരം, മാവേലിക്കര ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ അധികാര പരിധിയിൽ വരുന്ന ചെറിയനാട് ഡി.ബി.എച്ച്.എസ് ലെ എച്ച്.എസ്.റ്റി (മലയാളം) ആയിരുന്ന ശ്രീ. എ.കെ. ശ്രീനിവാസൻ 30.06.2019 ൽ സേവനത്തിൽ നിന്നും വിരമിച്ച ഒഴിവിൽ ശ്രീമതി. അനു പണിക്കരെ 15.07.2021 മുതൽ കോർപ്പറേറ്റ് മാനേജർ നിയമിച്ചു. കോവിഡ് 19 ന്റെ പശ്ചാത്തലത്തിൽ 2019-20 ലെ തസ്തിക നിർണ്ണയം തന്നെ 2020-21, 2021-22 വർഷവും തുടരുവാൻ സർക്കാർ നിർദ്ദേശിച്ചിരുന്നു. 2019-20 ലെ തസ്തിക നിർണ്ണയ ഉത്തരവ് പ്രകാരം ടി സ്കൂളിൽ മൂന്ന് എച്ച്.എസ്.റ്റി (മലയാളം) തസ്തികകൾ അനുവദിച്ചിരുന്നു. എന്നാൽ 2021-22 ലെ ആറാം സാദ്ധ്യായ ദിനത്തിലെ കുട്ടികളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ ടി വർഷം രണ്ട് ഫുൾടൈം മലയാളം തസ്തിക മാത്രമേ അനുവദിക്കുവാൻ സാധിക്കുകയുള്ളൂ. 15.07.2021 ലെ സ്റ്റാഫ് സ്റ്റേറ്റ്മെന്റ് പ്രകാരം ശ്രീമതി അനു പണിക്കർ ഉൾപ്പടെ ടി സ്കൂളിൽ മൂന്ന് എച്ച്.എസ്.റ്റി (മലയാളം) അധ്യാപകർ ജോലി ചെയ്തിരുന്നതിനാലും ഭിന്നശേഷി സംവരണം ബാധകമായതിനാലും നിയമനം വിദ്യാഭ്യാസ ഓഫീസർമാർ നിരസിച്ചിരുന്നു. തിരുവിതാംകൂർ ദേവസ്വം ബോർഡ് മാനേജ്മെന്റിന്റെ അധീനതയിലുള്ള കാരേറ്റ് ഡി.ബി.എച്ച്.എസ് ലെ എച്ച്.എസ്.റ്റി (മലയാളം) അധ്യാപികയായിരുന്ന ശ്രീമതി രമാദേവിയുടെ ലാവണം ക്രമീകരിക്കുന്നതിനായി ചെറിയനാട് ഡി.ബി എച്ച്.എസ് ൽ 2023-24 വർഷം നിലനിന്നിരുന്ന രണ്ട് അധ്യാപകരിൽ നിയമനാംഗീകാരമില്ലാതെ തുടർന്ന് വന്നിരുന്നതും ടി മാനേജ്മെന്റിലെ ഏറ്റവും ജൂനിയറുമായ ചെറിയനാട് ഡി.ബി എച്ച്.എസ് ലെ ശ്രീമതി അനു പണിക്കരുടെ 12.07.2023 മുതൽ 14.12.2023 വരെയുള്ള നിയമന കാലയളവ് റദ്ദ് ചെയ്തു കൊണ്ടും ടിയാളെ 15.12.2023 മുതൽ കങ്ങഴ ഡി.ബി.എച്ച്.എസ് ൽ ക്രമീകരിച്ചു കൊണ്ടും മാനേജർ ഉത്തരവായിട്ടുള്ളതും ആയത് പൊതുവിദ്യാഭ്യാസ ഡയറക്ടർ 10.12.2024 ലെ ഇസി1/20715/2024/DGE പ്രകാരം അംഗീകരിച്ചിട്ടുള്ളതുമാണ്. മേൽ സാഹചര്യത്തിൽ, ചെറിയനാട് ഡി.ബി.എച്ച്.എസ് ൽ 2022-23 വർഷത്തെ തസ്തിക നിർണ്ണയ ഉത്തരവ് പ്രകാരം 3 എച്ച്.എസ്.ടി (മലയാളം) തസ്തികകൾ അനുവദിച്ചു നൽകിയിട്ടുള്ളതിനാലും, ശ്രീമതി അനു പണിക്കരുടെ 12.07.2023 മുതൽ 14.12.2023 വരെയുള്ള കാലയളവ് റദ്ദ് ചെയ്യപ്പെട്ടതിനാലും, ടിയാളുടെ നിയമനം തസ്തിക ലഭ്യമാകുന്ന 15.07.2022 മുതൽ 11.07.2023 വരെ മാത്രമേ ഭിന്നശേഷി ഉത്തരവുകൾക്ക് വിധേയമായി പരിഗണിക്കാൻ കഴിയൂ."

5. ഹിയറിംഗിൽ ഉയർന്ന വാദഗതികളുടേയും ലഭ്യമായ റിപ്പോർട്ടുകളുടേയും നിലവിലുള്ള ചട്ടങ്ങളുടേയും ഉത്തരവുകളുടേയും അടിസ്ഥാനത്തിൽ ഹർജിക്കാരിയുടെ ആവശ്യം സർക്കാർ വിശദമായി പരിശോധിച്ചു. ചെറിയനാട് ഡി.ബി.എച്ച്.എസ് ൽ എച്ച്.എസ്.ടി (മലയാളം) തസ്തികയിൽ ഉണ്ടായ വിരമിക്കൽ ഒഴിവിലാണ് 15.07.2021 മുതൽ ഹർജിക്കാരിയെ നിയമിച്ചിട്ടുള്ളത്. ടി സ്കൂളിൽ 2019-20 വർഷത്തെ തസ്തിക നിർണ്ണയ ഉത്തരവ് പ്രകാരം 3 എച്ച്.എസ്.ടി (മലയാളം) തസ്തികകൾ അനുവദിച്ചിരുന്നു. 2019-20 ലെ തസ്തിക നിർണ്ണയം തന്നെ 2020-21, 2021-22

വർഷങ്ങളിലും തുടരുവാനും, 2019-20 വർഷത്തെ തസ്തിക നിർണ്ണയ ഉത്തരവിന്റെ അടിസ്ഥാനത്തിൽ റിട്ടയർമെന്റ്, രാജി, പ്രൊമോഷൻ, മരണം എന്നിവമൂലം ഉണ്ടായ ഒഴിവുകളിൽ 15.07.2021 മുതൽ നിയമനം നടത്തുവാനും 06.07.2021 ലെ സ.ഉ.(സാധാ)നം.3287/2021/പൊ.വി.വ ഉത്തരവിൽ നിർദ്ദേശിച്ചിരുന്നു. എന്നാൽ 2021-22 വർഷത്തെ ആറാം സാദ്ധ്യായ ദിവസത്തെ കുട്ടികളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ ഒരു എച്ച്.എസ്.ടി (മലയാളം) തസ്തിക നഷ്ടപ്പെട്ടതിനാൽ ഹർജിക്കാരിയുടെ നിയമനം നിരസിക്കുകയുണ്ടായി. 2022-23 വർഷം 3 എച്ച്.എസ്.ടി (മലയാളം) തസ്തികകൾ അനുവദിച്ചിട്ടുണ്ട്. തിരുവിതാംകൂർ ദേവസ്വം ബോർഡ് മാനേജ്മെന്റിന്റെ അധീനതയിലുള്ള കാരേറ്റ് ഡി.ബി.എച്ച്.എസ് ലെ എച്ച്.എസ്.റ്റി (മലയാളം) അധ്യാപികയായിരുന്ന ശ്രീമതി രമാദേവിയുടെ ലാവണം ക്രമീകരിക്കുന്നതിനായി ഹർജിക്കാരിയുടെ 12.07.2023 മുതൽ 14.12.2023 വരെയുള്ള നിയമന കാലയളവ് റദ്ദ് ചെയ്ത് ടിയാളെ 15.12.2023 മുതൽ കുളഴ ഡി.ബി.എച്ച്.എസ് ൽ ക്രമീകരിക്കുകയും ആയത് പൊതുവിദ്യാഭ്യാസ ഡയറക്ടർ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. എച്ച്.എസ്.ടി (മലയാളം) തസ്തികയിലെ തന്റെ 15.07.2021 മുതലുള്ള നിയമനം 06.07.2021 ലെ സ.ഉ.(സാധാ)നം.3287/2021/പൊ.വി.വ ഉത്തരവ് പ്രകാരം 2019-20 വർഷത്തെ തസ്തിക നിർണ്ണയ ഉത്തരവിന്റെ അടിസ്ഥാനത്തിൽ അംഗീകരിക്കണമെന്നും 12.07.2023 മുതൽ 14.12.2023 വരെയുള്ള തന്റെ ലാവണം നിലവിൽ റഗുലർ അധ്യാപകരില്ലാത്ത എരുമേലി ഡി.ബി.എച്ച്.എസ് ലോ അല്ലെങ്കിൽ ഒഴിവുള്ള മറ്റേതെങ്കിലും സ്കൂളിലോ ക്രമീകരിക്കാൻ മാനേജർക്ക് നിർദ്ദേശം നൽകണമെന്നുമാണ് ഹർജിക്കാരി ആവശ്യപ്പെട്ടിട്ടുള്ളത്. ഹർജിക്കാരിയുടെ 12.07.2023 മുതൽ 14.12.2023 വരെയുള്ള ലാവണം എരുമേലി ഡി.ബി.എച്ച്.എസ് ലേയ്ക്ക് മാറ്റി ക്രമീകരിക്കാവുന്നതാണെന്ന് കോർപ്പറേറ്റ് മാനേജർ അറിയിച്ചിട്ടുണ്ട്. 2019-20 ലെ തസ്തിക നിർണ്ണയം 2020-21, 2021-22 വർഷങ്ങളിലും തുടരുവാനും, 2019-20 വർഷത്തെ തസ്തിക നിർണ്ണയ ഉത്തരവിന്റെ അടിസ്ഥാനത്തിൽ റിട്ടയർമെന്റ്, രാജി, പ്രൊമോഷൻ, മരണം എന്നിവമൂലം ഉണ്ടായ ഒഴിവുകളിൽ 15.07.2021 മുതൽ നിയമനം നടത്തുവാനും നിർദ്ദേശിച്ചുകൊണ്ടുള്ള 06.07.2021 ലെ സ.ഉ.(സാധാ)നം.3287/2021/പൊ.വി.വ ഉത്തരവിന്റേയും 2019-20 ലെ തസ്തിക നിർണ്ണയ ഉത്തരവിന്റെയും അടിസ്ഥാനത്തിൽ പരാതിക്കാരിയുടെ ആവശ്യം പുന:പരിശോധിക്കുന്നതിനാണ് വിധിന്യായത്തിൽ നിർദ്ദേശിച്ചിട്ടുള്ളത്.

6. മേൽ സാഹചര്യത്തിൽ, 2019-20 വർഷത്തെ തസ്തിക നിർണ്ണയ ഉത്തരവിൽ 3 എച്ച്.എസ്.ടി (മലയാളം) തസ്തികകൾ അനുവദിച്ചിട്ടുള്ളതിനാൽ, എച്ച്.എസ്.ടി (മലയാളം) തസ്തികയിലെ ശ്രീമതി അനു പണിക്കരുടെ 15.07.2021 മുതലുള്ള നിയമനം മറ്റെല്ലാവിധത്തിലും ക്രമപ്രകാരമെങ്കിൽ ഭിന്നശേഷി സംവരണവുമായി ബന്ധപ്പെട്ട വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ ശമ്പള സ്കെയിലിൽ താല്ക്കാലികമായി അംഗീകരിക്കുന്നതിന് മാവേലിക്കര വിദ്യാഭ്യാസ ജില്ലാ ഓഫീസർക്ക് നിർദ്ദേശം നല്കിയും, അപ്രകാരം അംഗീകരിക്കുന്ന പക്ഷം, ഹയർ സെക്കന്ററിയിലേക്ക് ബൈട്രാൻസ്ഫർ മുഖാന്തിരം സ്ഥാനക്കയറ്റം നൽകിയിരുന്ന ശ്രീമതി. രമയുടെ 12.07.2023 മുതൽ 15.12.2023 വരെയുള്ള എച്ച്.എസ്.ടി തസ്തികയിലെ ലാവണം ചെറിയനാട് ഡി.ബി.എച്ച്.എസ് ൽ ക്രമീകരിച്ചത് മൂലം ശ്രീമതി അനു പണിക്കർ പുറത്തു പോകുമ്പോൾ അവരെ റീട്രെഞ്ച്ട് അധ്യാപികയായി കണക്കാക്കികൊണ്ട്, 12.07.2023 മുതൽ 14.12.2023 വരെയുള്ള കാലയളവ് മതിയായ എണ്ണം കുട്ടികളില്ലാത്ത സ്കൂളായ ഡി.ബി.എച്ച്.എസ് എരുമേലിയിൽ 12.6.2018-ലെ സ.ഉ(സാധാ) നം.83/2018/പൊവിവ 3(II) പ്രകാരം ക്രമീകരിക്കുന്നതിന് പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകിയും ഹർജിക്കാരി സമർപ്പിച്ച റിവ്യൂ ഹർജി തീർപ്പാക്കിയും അപ്രകാരം

പരാമർശം (4) വിധിന്യായം നടപ്പിലാക്കിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ANIL KUMAR D

അണ്ടർ സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം

വിദ്യാഭ്യാസ ഉപഡയറക്ടർ, ആലപ്പുഴ

ജില്ലാ വിദ്യാഭ്യാസ ഓഫീസർ, മാവേലിക്കര

കോർപ്പറേറ്റ് മാനേജർ, ട്രാവൻകൂർ ദേവസ്വം ബോർഡ് സ്കൂൾസ്, നന്തൻകോട്, തിരുവനന്തപുരം

ശ്രീമതി.അന്ന പണിക്കർ, എച്ച്.എസ്.ടി (മലയാളം), ദേവസ്വം ബോർഡ് എച്ച്.എസ്.എസ്, ചെറിയനാട്, ആലപ്പുഴ.

അഡ്വക്കേറ്റ് ജനറൽ, കേരളം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരളം, തിരുവനന്തപുരം

നോഡൽ ഓഫീസർ, കൈറ്റ് (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

Signed by

Shajahan. S

Date: 15-12-2025 09:35:04

സെക്ഷൻ ഓഫീസർ